**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 116** **12-01-2021 - ൽ മറുപടിയ്ക്ക്**

**സ്ത്രീകൾക്കെതിരായുള്ള അതിക്രമം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീമതി ഷാനിമോൾ ഉസ്മാൻ** | | **Shri. Pinarayi Vijayan**<br>**(മുഖ്യമന്ത്രി)** | |
| (എ) | സ്ത്രീകൾക്കെതിരായുള്ള അതിക്രമം സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന സാഹചര്യം സർക്കാർ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; | (എ) | സ്ത്രീകൾക്കെതിരായുള്ള അതിക്രമം സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | എറണാകുളം ലുലു മാളിൽ ഷോപ്പിംഗിന് എത്തിയ യുവാക്കൾ പട്ടാപ്പകൽ യുവ നടിയെ ശാരീരികമായി ആക്രമിക്കുകയും അപമാനിക്കുകയും ചെയ്തതിന്റെ അന്വേഷണം ഏതുഘട്ടത്തിലാണ്; പ്രതികൾക്കെതിരെ ഏതൊക്കെ വകുപ്പുകൾ പ്രകാരമാണ് കേസെടുത്തിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ; | (ബി) | പ്രസ്തുത കേസിൽ കളമശ്ശേരി പോലീസ് സ്റ്റേഷൻ Cr.No.892/20 u/s 354, 354 D IPCപ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസ്സിലെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. കേസ് അന്വേഷണഘട്ടത്തിലാണ്. |
| (സി) | രാഷ്ട്രീയ പാർട്ടി നേതാക്കളും പ്രവർത്തകരും സ്ത്രീകൾക്ക് നേരെ അതിക്രമങ്ങൾ നടത്തുമ്പോൾ പാർട്ടി തലത്തിലുള്ള അന്വേഷണവും നടപടിയും സ്വീകരിച്ച് കുറ്റവാളികളെ നിയമത്തിന് മുന്നിൽ കൊണ്ടുവരാത്ത സാഹചര്യം ഗൗരവമായി പരിഗണിച്ച് ഇത്തരം കുറ്റവാളികൾക്കെതിരെ കൂടി നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകുമോ? | (സി) | മുൻകാലത്ത് നിന്നും വ്യത്യസ്തമായി ഈ സർക്കാരിന്റെ കാലത്ത് സ്ത്രീകൾക്കുനേരംയുള്ള അതിക്രമങ്ങൾക്കെതിരെ ശക്തമായ നടപടിയാണ് പോലീസ് സ്വീകരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ